എം.2- 25097/16

പഞ്ചായത്ത് ഡയറക്ടറാഫീസ്
തിരുവനന്തപുരം, തീയതി, 30.12.2017

## സർക്കുലർ

വിഷയം- തദ്ദേശ സ്വയംഭരണ വകപ്പ് - സ്റ്റേറ്റ് പെർഫോമൻസ് ഹെഡ്ക്വാർട്ടേഴ്സ് ടീമിന്റെ ശുപാർശ നടപ്പിലാക്കുന്നത് - സംബന്ധിച്ച്

സൂചന- സർക്കാരിന്റെ 07.07.16 ലെ എബി1/183/2015/തസ്വഭവ നമ്പർ കത്ത്.

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഹെഡ്ക്വാർട്ടേഴ്സ് ടീം നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ വിലയിരുത്തി സർക്കാരിനു സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ പൂർണ്ണമായി നടപ്പിലാക്കുന്നതിനു സൂചന പ്രകാരം താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആഡിറ്റ് പരിശോധന പ്രകാരം സോഫ്റ്റ് വെയറായ എയിംസ് വഴി ലഭിക്കുന്ന പരാമർശങ്ങൾക്ക് സമയബന്ധിതമായി മറുപടി സമർപ്പിക്കുന്നതിനു കർശനമായി നിർദ്ദേശിക്കുന്നു. പ്രസ്തുത പരാമർശങ്ങൾ പഞ്ചായത്തിന്റെ തൊട്ടടുത്ത യോഗത്തിലെ അജണ്ടയിൽ ഉൾപ്പെടുത്തി പരാമർശം പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള യുക്തമായ മറുപടികൾ തയ്യാറാക്കി ഓൺലൈൻ വഴിയും ഹാർഡ് കോപ്പി തപാൽ വഴിയും ഓഡിറ്റ് വകുപ്പിനു സമർപ്പിക്കേണ്ടതാണ്. പഞ്ചായത്ത് വൈസ് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ഓരോ മാസവും ആഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി നൽകി പരിഹരിക്കുന്നതിന്റെ പുരോഗതി പഞ്ചായത്തുകൾ വിലയിരുത്തേണ്ടതും ആയതിനു പ്രത്യേകം മിനിറ്റ്സ് സൂക്ഷിക്കേണ്ടതുമാണ്. രണ്ട് മാസം കൂടുമ്പോൾ പഞ്ചായത്ത് യോഗത്തിൽ ആഡിറ്റ് പരാമർശങ്ങൾ ഒരു അജണ്ടയായി ഉൾപ്പെടുത്തി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്. ഈ വിഷയത്തിന്മേൽ 14.02.2011- ലെ 15046/11/തസ്വഭവ നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതും ആയതിന്മേൽ വീഴ്ചവരുത്തുന്ന ജീവനക്കാർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതുമാണ്.

2\. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി മോണിറ്ററിംഗ് സമിതികൾ സമയബന്ധിതമായി യോഗം ചേരുകയും പദ്ധതി രൂപീകരണ നിർവ്വഹണ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. ഈ സമിതികളുടെ റിപ്പോർട്ടുകൾ പഞ്ചായത്ത് യോഗങ്ങളിൽ ചർച്ച ചെയ്ത് ഈ വിവരം മിനിറ്റ്സിൽ രേഖപ്പെടുത്തേണ്ടതാണ്. ഈ വിഷയങ്ങൾ പെർഫോമൻസ് ആഡിറ്റ് യൂണിറ്റ് മേധാവികൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വിഷയങ്ങളിന്മേൽ കേസുകൾ ഉണ്ടാവുന്ന വേളകളിൽ പഞ്ചായത്തിന്റെ ഫയലുകൾ വിജിലൻസ് വകുപ്പിനോ കോടതികൾക്കോ കൈമാറേണ്ടി വരുന്ന വേളകളിലും ആയതിന്റെ ഫോട്ടോ കോപ്പി എടുത്ത് സൂക്ഷിക്കണമെന്ന് നേരത്തേ നൽകിയിരുന്ന നിർദ്ദേശം കർശനമായും പാലിക്കാൻ നിർദ്ദേശിക്കുന്നു.

(ഒപ്പ്)
പി. മേരിക്കുട്ടി
പഞ്ചായത്ത് ഡയറക്ടർ.

// ഉത്തരവിൻ പ്രകാരം//

സൂപ്രണ്ട്.

എസ്.ജെ. 10/1